കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി(പി3) /2155/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട് ജില്ല

തീയതി: 19.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി.പി3/2155 /2016 തീയതി:19.12.2016

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9.4.2016 മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.കെ സതീഷ് കുമാർ, ഡപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2016 മുതൽ 29.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഇ.എം.പ്രബോധ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷൈനി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ആർ.കെ.ദിശ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സൈനബ ചാലിൽ | 1.04.2015- 31.10.2015 |
| | ശ്രീ.സി.ടി.സി.അബ്ദുള്ള | 1.11.2015 - 31.03.2016 |
| സെക്രട്ടറി | ശ്രീ.പി.പി.രാജൻ | 01.04.2015 – 31.03.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥർ : | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.എം.വിജയൻ | 01.04.2015 – 31.03.2016 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.പി.കെ.ഷാഹിന | 01.04.2015 – 31.03.2016 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.പി.ഗ്രേസി<br>ഡോ.എൻ.സുകു | 01.04.2015 – 20.06.2015<br>21.06.2015 – 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.എൽസമ്മ ജേക്കബ് | 01.04.2015 – 31.03.2016 |
| ഹെഡ് മാസ്റ്റർ | ശ്രീ.അബ്ദുസ്സലാം.വി<br>ശ്രീ. ഒ.സി.മുഹമ്മദ്<br>ശ്രീ.അബ്ദുൾ അസീസ് | 01.04.2015 – 31.05.2015<br>01.06.2015 – 29.12.2015<br>30.12.2015 – 31.03.2016 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.എം.എ.<br>ശ്രീമതി.കോമളവല്ലിപി.പി<br>ശ്രീമതി. റോജ.പി | 01.04.2015 – 31.05.2015<br>01.06.2015 – 08.10.2015<br>09.10.2015 – 31.03.2016 |
| വി.ഇ.ഒ | ശ്രീമതി.നജില.പി. | 01.04.2015 – 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.വി.ഗണേഷ് | 01.04.2015 – 31.03.2016 |
| കൃഷിഓഫീസർ | ശ്രീ.ഐ.കെ.സാജിദ് അഹമ്മദ് | 01.04.2015 – 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | വാർഷികകണക്കിലെ അപാകതകൾ |
| 13 | 2-2 | മൊബൈൽ ടവറിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു - പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം |
| 14 | 2-3 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. |
| 15 | 2-4 | വസ്തു നികുതിയിനത്തിൽ 9ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി. |

| | | |
|---|---|---|
| 16 | 2-5 | നഞ്ച നിലങ്ങളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് അനുമതി നൽകി |
| ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിപണം പാഴാകുന്നു |
| 18 | 3-2 | വിവിധ റോഡ് പ്രവൃത്തികൾ - ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില കണക്കാക്കി നിരക്ക് അനുവദിച്ചു. |
| 19 | 3-3 | റോഡ് പ്രവൃത്തികളിൽ സിമൻറ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി |
| 20 | 3-4 | ഡി.ആർ.പേവിംഗിന് മുകളിൽ കോൺക്രീറ്റ് പ്രവൃത്തി-ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധം. |
| 21 | 3-5 | റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗിച്ചു - IRC സ്പെഫിക്കേഷന് വിരുദ്ധം |
| 22 | 3-6 | തെളിച്ചം സമഗ്രവിദ്യാഭ്യാസ പദ്ധതി - അപാകതകൾ |
| 23 | 3-7 | അപകടകരമായ അവസ്ഥയിൽ അങ്കണവാടി പ്രവർത്തിക്കുന്നു. |
| 24 | 3-8 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നില്ല |
| 25 | 3-9 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| 26 | 3-10 | ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച |
| 27 | 3-11 | മണൽ വരവ് -റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം - 13,41,778 രൂപ അടയ്ക്കാൻ ബാക്കി |
| 28 | 3-12 | ഇ എം എസ് ഭവനപദ്ധതി അധികവിഹിതം നൽകൽ - അപാകതകൾ |
| 29 | 3-13 | ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല |

| | | |
|---|---|---|
| 30 | 3-14 | വ്യക്തിഗത കക്കൂസ് നിർമ്മാണം - ധനസഹായം നൽകൽ - അപാകതകൾ |
| 31 | 3-15 | ഗ്രാമപഞ്ചായത്ത് ലൈബ്രറി 10 മാസക്കാലമായി അടഞ്ഞുകിടക്കുന്നു. തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. |
| 32 | 3-16 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായില്ല. |
| 33 | 3-17 | ഐ എ വൈ വിഹിതം നൽകൽ (ജനറൽ) - അപാകതകൾ |
| 34 | 3-18 | എസ് എസ് എ വിഹിതം നൽകൽ - അപാകതകൾ |
| 35 | 3-19 | മുൻകൂറുകൾ തിരിച്ചു പിടിച്ചില്ല |
| 36 | 3-20 | ജില്ലാപ്ലാനിംഗ് ഓഫീസിന് തുക നൽകൽ - വിനിയോഗ വിവരം ഇല്ല |
| ഭാഗം-4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 44 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.02.2016തിയതിയിലെ 1(1)/15-16നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 21.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25.11.2016 | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 11841197

വരവ് - 33645459

ആകെ - 45486656

ചെലവ് - 38894026

നീക്കിയിരിപ്പ് - 6592630

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 842013 | 6808714 | 8884457 | 8884457 | (+)1233730 |
| വികസനഫണ്ട് എസ്.സി.പി. | 2163583 | 1495863 | 3659446 | 2451641 | (-)1207755 |
| വികസനഫണ്ട് ടി.എസ്.പി. | 25975 | 55080 | 81055 | 55080 | (-)25975 |
| സംരക്ഷണഗ്രാന്റ് റോഡ് | 364359 | 4122075 | 4486434 | 4486434 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2154784 | 2154784 | 2154784 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 938740 | 3141837 | 4080577 | 4080577 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2749000 | 0 | 2749000 | 2749000 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 7521364 | 7521364 | 7520375 | 989 |
| ബി ഫണ്ട് | 0 | 21026033 | 21026033 | 21026033 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത്(എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 40477574 | 104 | 26014832 | 28 | 38 | 61.18 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3111429 | 2550444 | 560985 | (-)18.02 |
| നികുതിയേതര വരവുകൾ | 3267492 | 816810 | 2450682 | (-)75 |
| മറ്റുവരവുകൾ | 89459 | 118591 | 29132 | (+)32.56 |
| ആകെ | 6468380 | 3485845 | 3040799 | (-)47 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 180600 | 123 |
| കർഷകതൊഴിലാളി പെൻഷൻ | 4622400 | 661 |
| വിധവാപെൻഷൻ | 7375200 | 851 |
| വാർദ്ധക്യകാലപെൻഷൻ | 5902800 | 901 |
| വികലാംഗപെൻഷൻ | 2358500 | 252 |
| 50വയസ്സ്കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 278400 | 34 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 280000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2016 സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5288/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.5.2016മുതൽ 25.5.2016വരെ | 1.4.2016 മുതൽ 30.4.2016വരെ | സി2-1006/16 തീയതി- 23-8-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.2.2011 മുതൽ 16.2.2011വരെ | 2005-06 മുതൽ 2009-10 വരെ | എൽ.ബി.എ6/ബിഎ തീയതി-16.3.2011 |

## 1-11 ഓഡിറ്റ് സാക്ഷ്യപത്രം

2015-16 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

2. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

3. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു - പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം

മൊബൈൽ ടവറുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 11 ടവറുകൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 131 അനുസരിച്ച് വാർത്താ വിനിമയ ഗോപുരത്തിന്റെ നിർമ്മാണം പൂർത്തിയായ ശേഷം അപേക്ഷകനും എഞ്ചിനീയറും നിശ്ചിത മാതൃകയിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയെന്നതിനുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. വസ്തുനികുതിനിർണ്ണയ രജിസ്റ്റർ പ്രകാരം 6 മൊബൈൽ ടവറുകളുടെ നികുതി വളരെ കുറഞ്ഞ നിരക്കിൽ 2012-13 വർഷം വരെ ഈടാക്കിയിട്ടുണ്ട്. ടവറിന്റെ തറവിസ്തീർണ്ണം ഉൾപ്പെടുത്താതെ അനുബന്ധ കെട്ടിടങ്ങളായ ജനറേറ്റർ റൂം, ഷെൽട്ടർ, സെക്യൂരിറ്റി റൂം എന്നിവയുടെ വിസ്തീർണ്ണം മാത്രം വസ്തുനികുതി നിർണ്ണയിക്കാൻ പരിഗണിച്ചതാണ് ഈ കുറവിന് കാരണം. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്ടിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ടവറിന്റെ പേര്, ഉയരം, കെട്ടിട നം. | കണക്കാക്കിയ വിസ്തീർണ്ണം (ച.മീ) | കണക്കാക്കിയ നികുതി | പ്ലാൻ പ്രകാരം കണക്കാക്കേണ്ട വിസ്തീർണ്ണം (ച.മീ) | പ്ലാൻ പ്രകാരം കണക്കാക്കേണ്ട നികുതി | നികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7=(6-4) |

| | | | | | | |
|---|---|---|---|---|---|---|
| 1. | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്, 15m, 1/190B | 11.14 | 6,434 | ഷെൽട്ടർ-10.50<br>DG റൂം - 4.50<br>ടവർ - 6.42 ആകെ - 21.42 | 10,710 | 4,276 |
| 2. | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, 40m, BL-10/07-08 | അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | നികുതി ഈടാക്കുന്നില്ല. | ഷെൽട്ടർ- 9.63<br>DG റൂം - 3.75<br>ടവർ - 51.70 ആകെ - 65.08 | 32,540 | 32,540 |
| 3. | എസ്സാർ ടെലികോം, 50m, BL-199/31.10.08 | അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | നികുതി ഈടാക്കുന്നില്ല. | ഷെൽട്ടർ- 5.27<br>DG റൂം - 3.75<br>സെക്യൂരിറ്റിറൂം-9.00<br>ടവർ - 38.44 ആകെ - 56.46 | 28,230 | 28,230 |
| 4. | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ്, | അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | നികുതി ഈടാക്കുന്നില്ല. | ഷെൽട്ടർ-10.50<br>DG റൂം - 4.50<br>ടവർ - 6.42<br>ആകെ - 21.42 | 10,710 | 10,710 |
| 5. | ഇൻഡസ് ടവേർസ്, 50m, BL- 137/10-11 | അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | നികുതി ഈടാക്കുന്നില്ല. | ഷെൽട്ടർ- 10.80<br>DG റൂം - 7.50<br>സെക്യൂരിറ്റിറൂം 6.25<br>ടവർ - 58.98 ആകെ - 83.53 | 41,765 | 41,765 |
| 6. | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ്, 40m, കെട്ടിട നം.10/212 | 13.34 | 4,903 | ഷെൽട്ടർ- 7.50<br>DG റൂം - 4.50<br>ടവർ - 25.00 ആകെ - 37.00 | 18,500 | 13,597 |
| 7. | ഇൻഡസ് ടവേർസ് ലിമിറ്റഡ്, 50m, കെട്ടിട നം.4/254A | 14.00 | 5,880 | ഷെൽട്ടർ- 10.50<br>DG റൂം - 2.40<br>ടവർ - 38.44 ആകെ - 51.34 | 25,670 | 19,790 |
| 8. | ഇൻഡസ് ടവേർസ് ലിമിറ്റഡ്, 50m, BL-1/21.04.09 | അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | നികുതി ഈടാക്കുന്നില്ല. | ഷെൽട്ടർ- 10.50<br>DG റൂം - 14.99<br>ടവർ - 38.44 ആകെ - 63.93 | 31,965 | 31,965 |
| 9. | ഭാരതി ഇൻഫ്രാടെൽ | 17.96 | 10,372 | ഷെൽട്ടർ- 8.75 | 22,490 | 12,118 |

| | | | | | | |
|---|---|---|---|---|---|---|
| | ലിമിറ്റഡ്, 50m, കെട്ടിട നം.190C | | | DG റൂം - 2.25<br>സെക്യൂരിറ്റിറൂം 6.96<br>ടവർ - 27.02<br>ആകെ - 44.98 | | |
| 10. | ഇൻഡ്യാ ടെലികോം ഇൻഫ്ര ലിമിറ്റഡ്, 20m, കെട്ടിട നം. 1/190A | 13.35 | 7,711 | ഷെൽട്ടർ- 11.03<br>DG റൂം - 1.90<br>ടവർ - 5.00<br>ആകെ - 17.93 | 8,965 | 1,254 |
| 11. | ഇൻഡ്യാ ടെലികോം ഇൻഫ്ര ലിമിറ്റഡ്, 20m, കെട്ടിട നം. 3/283A | 11.34 | 5359 | DG റൂം - 3.75<br>ടവർ - 14.57<br>ആകെ - 18.32 | 9,160 | 3,801 |
| 12. | പേര് വിവരം, കെട്ടിട നം. ലഭ്യമല്ല, 20m | അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | നികുതി ഈടാക്കുന്നില്ല. | DG റൂം - 1.21<br>ടവർ - 8.41<br>ആകെ - 9.62<br>(വിസ്തീർണ്ണം ഓഡിറ്റ് സമയത്ത് അളന്ന് തിട്ടപ്പെടുത്തി) | 4,810 | 4,810 |
| ആകെ 40,659 | | | | | 2,45,515 | 2,04,856 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെയുള്ള മൊബൈൽ ടവറുകളുടെ എണ്ണത്തെക്കുറിച്ച് പഞ്ചായത്ത് അധികൃതർക്ക് വ്യക്തമായ വിവരം ഇല്ല. ഉദാഹരണമായി ശ്രീ. അരുൺ പി.എ എന്ന വ്യക്തിയുടെ 01.07.2015 ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷയിൽ കോട്ടമ്മൽ അങ്ങാടിയിലെ "അൽ അമീൻ" എന്ന സ്ഥാപനത്തിന് (1ാം വാർഡ്) മുകളിൽ സ്ഥാപിച്ച ടവറിന്റെ പെർമിറ്റിന്റെയും പ്ലാനിന്റെയും പകർപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ ടവർ നിർമ്മാണത്തിന് അനുമതി നൽകിയതിന്റെ രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ലെന്നാണ് അറിയിച്ചത്. അതേപോലെ 1ാം വാർഡിലെ ആകെ ടവറുകളുടെ എണ്ണം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വീരാൻകോയ നൽകിയ വിവരാവകാശ പ്രകാരമുള്ള അപേക്ഷയ്ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ (A2-3649/15 തീ.24.08.15) 3 ടവറുകളാണുള്ളത് എന്ന് അറിയിച്ചിരുന്നു. തൃപ്തികരമല്ലാത്ത മറുപടിയായതിനാൽ ടിയാൻ അപ്പീൽ അതോറിറ്റിക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയിൽ (A2-4647/15 തീ.06.11.15) ഒന്നാം വാർഡിലെ കോട്ടമ്മൽ അങ്ങാടിയിൽ 4 ാമതൊരു ടവർ കൂടിയുണ്ടെന്നും പ്രസ്തുത ടവറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നും അറിയിച്ചു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 118 അനുസരിച്ച് യാതൊരാളും ഏതെങ്കിലും സർക്കാരിതര വാർത്താവിനിമയ ഗോപുരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പ്രത്യേക അനുവാദം വാങ്ങാതെ നിർമ്മിക്കുവാനോ പുനർനിർമ്മിക്കുവാനോ മാറ്റം വരുത്തുവാനോ പാടില്ലാത്തതാകുന്നു. എന്നാൽ മേൽ പട്ടികയിലെ ക്രമ നമ്പർ 12 ആയി കാണിച്ചിരിക്കുന്ന വാർത്താവിനിമയ ഗോപുരം പഞ്ചായത്ത് അധികൃതർ അറിയാതെ എങ്ങനെ സ്ഥാപിച്ചു എന്നത് വ്യക്തമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് 26.11.2016 ന് നൽകിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള നികുതി, കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതായി നിജപ്പെടുത്തുന്നതാണ്.

## **2-3** <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.</u>

പോബ്സ് റോക്ക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2015-16വർഷങ്ങളിൽ തൊഴിൽ

നികുതി അടവാക്കിയപ്പോൾ അർദ്ധ വാർഷിക വരുമാനത്തിനു പകരം ഒരു മാസത്തെ വരുമാനമാണ് നികുതി കണക്കാക്കുന്നതിന് പരിഗണിച്ചത്. ഒരു മാസത്തെ വരുമാനത്തിനനുസരിച്ച് നികുതി കണക്കാക്കിയതു മൂലം പഞ്ചായത്തിന് താഴെ പറയും വിധം 57,280 രൂപയുടെ വരുമാന നഷ്ടമുണ്ടായി. (2015-16 ലെ രണ്ട് അർദ്ധ വർഷങ്ങളിലും ഒരേ ജീവനക്കാരും ഒരേ ശമ്പളവുമാണ് ഉണ്ടായിരുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു)

2015-16- ഒന്നാം അർദ്ധ വർഷം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | അർദ്ധ വാർഷികവരുമാനം | അടച്ച നികുതി | അടയ്ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | കെ.രമേഷ് ബാബു, മാനേജർ | 24750 x 6 = 148500 | 180 | 1250 | 1070 |
| 2 | വിനോദ്കുമാർ പി.എൻ, സൂപ്പർവൈസർ | 17500 x 6 = 105000 | 120 | 1000 | 880 |
| 3 | ഗോപകുമാർ.ജി ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 4 | പ്രവീൺ.കെ.സി, ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 5 | സിബി വിഗോപാൽ, ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 6 | സുമോദ് കുമാർ , സൂപ്പർവൈസർ | 17500 x 6 = 105000 | 120 | 1000 | 880 |
| 7 | നിധിൻ സൂപ്പർവൈസർ | 17000 x 6 = 102000 | 120 | 1000 | 880 |
| 8 | രാജൻ.വി, മെക്കാനിക്ക് | 17000 x 6 = 102000 | 120 | 1000 | 880 |
| 9 | സുനിൽ.ടി, ഓപ്പറേറ്റർ | 17000 x 6 = 102000 | 120 | 1000 | 880 |
| 10 | ശ്രീജിത്ത്.എസ്, ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 11 | രാധാകൃഷ്ണൻ, ഓപ്പറേറ്റർ | 15750 x 6 =94500 | 120 | 750 | 630 |

| | | | | | |
|---|---|---|---|---|---|
| 12 | രാജേന്ദ്രൻ, മെക്കാനിക്ക് | 15750 x 6 =94500 | 120 | 750 | 630 |
| 13 | സജികുമാർ.കെ, ഓപ്പറേറ്റർ | 15750 x 6 =94500 | 120 | 750 | 630 |
| 14 | ബാഹുലേയൻ എൻ.ടി വർക്കർ | 15500 x 6 = 93000 | 120 | 750 | 630 |
| 15 | വാസുദേവൻ വർക്കർ | 14750 x 6 = 88500 | 120 | 750 | 630 |
| 16 | വിജയൻ.എ, വർക്കർ | 14500 x 6 = 87000 | 120 | 750 | 630 |
| 17 | അലി, വർക്കർ | 14500 x 6 = 87000 | 120 | 750 | 630 |
| 18 | അനിൽ കുമാർ ആർ, വർക്കർ | 14000 x 6 = 84000 | 120 | 750 | 630 |
| 19 | ഉണ്ണികൃഷ്ണൻ എൻ, വാച്ച്മാൻ | 12750 x 6 = 76500 | 120 | 750 | 630 |
| 20 | ടിറ്റോ, ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 21 | ജോൺ കെന്നടി, മെക്കാനിക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 22 | കൃഷ്ണൻ കുട്ടി, മെക്കാനിക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 23 | ഗോപാലപ്പിള്ള, കുക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 24 | രാജൻകുക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 25 | ബാബു ആചാരി, ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 26 | ജോഷി എബ്രഹാം, സൂപ്പർവൈസർ | 17000 x 6 = 102000 | 120 | 1000 | 880 |

| | | | | | |
|---|---|---|---|---|---|
| 27 | സുരേഷ് കുമാർ, വെൽഡർ | 16000 x 6 = 96000 | 120 | 750 | 630 |
| 28 | ജോസഫ്.കെ.കെ, സൂപ്പർവൈസർ | 17000 x 6 = 102000 | 120 | 1000 | 880 |
| 29 | രഞ്ജിത്ത്. ആർ, ഹിറ്റാച്ചി ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 30 | ബിനു ജി ആർ, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 31 | സനിൽ കുമാർ, സൂപ്പർവൈസർ | 17500 x 6 = 105000 | 120 | 1000 | 880 |
| 32 | ശരത്ത്.എസ്, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 33 | സ്വരാജ്കുമാർ ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 34 | വിനീഷ്.കെ, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 35 | അരുൺരാജ്, ഹിറ്റാച്ചി ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 36 | ജസ്റ്റിൻ വി. തോമസ്, സൂപ്പർവൈസർ | 16500 x 6 = 99000 | 120 | 750 | 630 |
| 37 | ലിജോ വർഗ്ഗീസ്, ജെസിബി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 38 | ഗോപകുമാർ കെ, ഇലക്ട്രീഷ്യൻ | 16500 x 6 = 99000 | 120 | 750 | 630 |
| 39 | പ്രദീപ് കുമാർ,സൂപ്പർവൈസർ | 16000 x 6 = 96000 | 120 | 750 | 630 |
| 40 | റെയ്.എം, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| | ആകെ | | 4860 (രസീതി നം.115011-01172 dt.24.08.15) | 33500 | 28640 |

| | | | | | |
|---|---|---|---|---|---|

2015-16- രണ്ടാം അർദ്ധ വർഷം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | അർദ്ധ വാർഷികവരുമാനം | അടച്ച നികുതി | അടയ്ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | കെ.രമേഷ് ബാബു, മാനേജർ | 24750 x 6 = 148500 | 180 | 1250 | 1070 |
| 2 | വിനോദ്കുമാർ പി.എൻ, സൂപ്പർവൈസർ | 17500 x 6 = 105000 | 120 | 1000 | 880 |
| 3 | ഗോപകുമാർ.ജി ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 4 | പ്രവീൺ.കെ.സി, ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 5 | സിബി വിഗോപാൽ, ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 6 | സുമോദ്കുമാർ, സൂപ്പർവൈസർ | 17500 x 6 = 105000 | 120 | 1000 | 880 |
| 7 | നിധിൻ സൂപ്പർവൈസർ | 17000 x 6 = 102000 | 120 | 1000 | 880 |
| 8 | രാജൻ.വി, മെക്കാനിക്ക് | 17000 x 6 = 102000 | 120 | 1000 | 880 |
| 9 | സുനിൽ.ടി, ഓപ്പറേറ്റർ | 17000 x 6 = 102000 | 120 | 1000 | 880 |
| 10 | ശ്രീജിത്ത്.എസ്, ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 11 | രാധാകൃഷ്ണൻ, ഓപ്പറേറ്റർ | 15750 x 6 =94500 | 120 | 750 | 630 |
| 12 | രാജേന്ദ്രൻ, മെക്കാനിക്ക് | 15750 x 6 =94500 | 120 | 750 | 630 |
| 13 | സജികമാർ.കെ, ഓപ്പറേറ്റർ | 15750 x 6 =94500 | 120 | 750 | 630 |

| | | | | | |
|---|---|---|---|---|---|
| 14 | ബാഹുലേയൻ എൻ.ടി വർക്കർ | 15500 x 6 = 93000 | 120 | 750 | 630 |
| 15 | വാസുദേവൻ വർക്കർ | 14750 x 6 = 88500 | 120 | 750 | 630 |
| 16 | വിജയൻ.എ, വർക്കർ | 14500 x 6 = 87000 | 120 | 750 | 630 |
| 17 | അലി, വർക്കർ | 14500 x 6 = 87000 | 120 | 750 | 630 |
| 18 | അനിൽ കുമാർ ആർ, വർക്കർ | 14000 x 6 = 84000 | 120 | 750 | 630 |
| 19 | ഉണ്ണികൃഷ്ണൻ എൻ, വാച്ച്മാൻ | 12750 x 6 = 76500 | 120 | 750 | 630 |
| 20 | ടിറ്റോ, ഓഫീസ് സ്റ്റാഫ് | 17500 x 6 = 105000 | 120 | 1000 | 880 |
| 21 | ജോൺ കെന്നടി, മെക്കാനിക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 22 | കൃഷ്ണൻ കുട്ടി, മെക്കാനിക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 23 | ഗോപാലപ്പിള്ള, കുക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 24 | രാജൻകുക്ക് | 16250 x 6 = 97500 | 120 | 750 | 630 |
| 25 | ബാബു ആചാരി, ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 26 | ജോഷി എബ്രഹാം, സൂപ്പർവൈസർ | 17000 x 6 = 102000 | 120 | 1000 | 880 |
| 27 | സുരേഷ് കുമാർ, വെൽഡർ | 16000 x 6 = 96000 | 120 | 750 | 630 |
| 28 | ജോസഫ്.കെ.കെ, സൂപ്പർവൈസർ | 17000 x 6 = 102000 | 120 | 1000 | 880 |
| 29 | രഞ്ജിത്ത്. ആർ, ഹിറ്റാച്ചി ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |

| | | | | | |
|---|---|---|---|---|---|
| 30 | ബിനു ജി ആർ, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 31 | സനിൽ കുമാർ, സൂപ്പർവൈസർ | 17500 x 6 = 105000 | 120 | 1000 | 880 |
| 32 | ശരത്ത്.എസ്, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 33 | സ്വരാജ്കുമാർ ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 34 | വിനീഷ്.കെ, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 35 | അരുൺരാജ്, ഹിറ്റാച്ചി ഓപ്പറേറ്റർ | 16250 x 6 = 97500 | 120 | 750 | 630 |
| 36 | ജസ്റ്റിൻ വി. തോമസ്, സൂപ്പർവൈസർ | 16500 x 6 = 99000 | 120 | 750 | 630 |
| 37 | ലിജോ വർഗ്ഗീസ്, ജെസിബി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| 38 | ഗോപകുമാർ കെ, ഇലക്ട്രീഷ്യൻ | 16500 x 6 = 99000 | 120 | 750 | 630 |
| 39 | പ്രദീപ് കുമാർ,സൂപ്പർവൈസർ | 16000 x 6 = 96000 | 120 | 750 | 630 |
| 40 | റെയ്.എം, ഹിറ്റാച്ചി ഓപ്പറേറ്റർ | 16500 x 6 = 99000 | 120 | 750 | 630 |
| | ആകെ | | 4860 (രസീതി നം.115011-03500 തീയതി. 18/2/16) | 33500 | 28640 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 204(1) അനുസരിച്ച് ഓരോ വർഷവും ഏപ്രിൽ 1 മുതൽ സപ്തംബർ 30 വരെയും ഒക്ടോബർ 1 മുതൽ മാർച്ച് 31വരെയുമുള്ള അർദ്ധവർഷങ്ങളിലേക്ക് തൊഴിൽ നികുതി അടവാക്കേണ്ടതുണ്ട്. വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ പട്ടികയിൽ കാണിച്ച പ്രകാരം 57,280 രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതിയിനത്തിൽ 9ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി.

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുകയും വേണം. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 16വാർഡുകളിൽ നിന്നായി 9,02,623രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട് (ഓഡിറ്റ് കാലയളവ് പ്രകാരം). 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയപക്ഷം സെക്ഷൻ ക്ളാർക്കുമാരുടേയും മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് മറുപടി ലഭിച്ചിട്ടില്ല .മറുപടി ലഭ്യമാക്കേണ്ടതാണ്

## 2-5 നഞ്ച നിലങ്ങളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് അനുമതി നൽകി

2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 14 പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള ലൈസൻസ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകുവാൻ പാടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.01.2011 ലെ 4545/ആർ.എ.1/11 തസ്വഭവ പ്രകാരം 300 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്കല്ലാതെ മറ്റ് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകാൻ പാടില്ല. എന്നാൽ താഴെ പറയുന്ന അപേക്ഷകർക്ക് നഞ്ചനിലങ്ങളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് അനുമതി നൽകി കാണുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നം | പ്ലിന്ത് ഏരിയ | റിമാർക്സ് |
|---|---|---|---|---|
| 1 | മുഹമ്മദ്, വാഴയിൽ, നെല്ലിക്കാപറമ്പ് | 41/2015-16 തീയതി 7.7.15 | 537.01$m^2$ | ആധാരം, കൊടിയത്തൂർ വില്ലേജ് ഓഫീസറുടെ 11.5.15 ലെ 746/15നം കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം റിസർവ്വെ146/1Bൽ പെട്ട 28 സെന്റ് ഭൂമി നഞ്ചയാണ്. |
| 2 | സുലൈഖ, w/o ബീരാൻകുട്ടി, കൂടത്തിൽ, നെല്ലിക്കാപറമ്പ് | 123/2014-15 തീയതി 18.5.15 | 291.00$m^2$ | ആധാരം, കൊടിയത്തൂർ വില്ലേജ് ഓഫീസറുടെ 23.1.14 ലെ 164/14നം കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം റിസർവ്വെ 41/2Aൽ പെട്ട 10 സെന്റ് ഭൂമി നഞ്ചയാണ്. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിപണം പാഴാകുന്നു

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 170 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയതുകയുടെ 64.26% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത് .ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 1.45 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 8287141 | 8250907 | 99.56 |
| 2 | പ്ലാൻ ഫണ്ട് SCP | 5377360 | 1971691 | 36.66 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4711207 | 4080577 | 86.61 |
| 4 | ലോകബാങ്ക് ധനസഹായം | 2749000 | 2749000 | 100 |
| 5 | പ്ലാൻ ഫണ്ട് TSP | 88087 | 55080 | 62.52 |
| 6 | കേന്ദ്ര ധനസഹായം | 4802000 | 1150910 | 23.96 |
| 7 | സംസ്ഥാന ധനസഹായം | 480000 | 0 | 0 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 4754227 | 4486434 | 94.36 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 2870090 | 2154784 | 75.07 |
| 10 | തനത് ഫണ്ട് | 4606684 | 560839 | 12.17 |
| 11 | ബ്ലോക്ക് വിഹിതം | 772500 | 0 | 0 |
| 12 | ജില്ലാ പഞ്ചായത്ത് വിഹിതം | 555000 | 480000 | 86.48 |
| 13 | മറ്റുള്ളവ | 424278 | 74610 | 17.58 |
| ആകെ | | 40477574 | 26014832 | 64.26 |

ക്രമനം 1 മുതൽ 5 വരെയുള്ളവയുടെയും ക്രമനം8,9എന്നിവയുടെയുംകാര്യത്തിൽ നീക്കിയിരിപ്പുതുക 15-16 വർഷാവസാനം ലാപ്സായിരിക്കുന്നതിനാലും, നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാലും ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രൊജക്ടുകൾ രൂപീകരിക്കുന്നതിലും അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. കൃഷി, മൃഗസംരക്ഷണം, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നാമമാത്രമായാണ് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ്% |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 2 | 1089712 | 742719 | 68.15 |
| 2 | വെറ്റിനറി സർജൻ | 3 | 3 | 385109 | 339760 | 88.22 |

| | | | | | | |
|---|---|---|---|---|---|---|
| 3 | സെക്രട്ടറി | 37 | 12 | 6241927 | 2271069 | 36.38 |
| 4 | വി.ഇ.ഒ | 4 | 2 | 3033615 | 2141965 | 70.60 |
| 5 | ഹെഡ്മാസ്റ്റർ | 5 | 3 | 965000 | 848000 | 87.87 |

ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് ആവശ്യമായ പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പാക്കാത്തതിനും, സമയബന്ധിതമായി തുക വിനിയോഗിക്കാത്തതിനും, വൻ തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-2 വിവിധ റോഡ് പ്രവൃത്തികൾ - ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില കണക്കാക്കി നിരക്ക് അനുവദിച്ചു.

2015-16 വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് അവലംബിച്ചത്. ഇതിനുപയോഗിച്ച ബിറ്റുമിന് മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിലുള്ള വിലയേക്കാൾ കുറവായതിനാൽ പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു. ഡി.എസ്.ആർ കോഡ് 16.30.2, 16.30.1, 16.32.2, 16.4.എന്നിവ കൂടാതെ 36 ഘനമീറ്റർ മെറ്റൽ ഉപയോഗിച്ച് ലെവലിംഗ് കോഴ്സ്, പോട്ട് ഹോൾ ഫില്ലിംഗ് എന്നിവയ്ക്ക് ഒബ്സർവ്ഡ് ഡാറ്റ എന്നിവയാണ് ഇവിടെ ടാറിംഗ് പ്രവൃത്തിക് വി.ജി-30 ബിറ്റുമിൻ മാത്രമാണ് ഉപയോഗിച്ചത്. മേൽ ഇനങ്ങൾക്ക് വി.ജി-30യുടെ 29.09.2015 ലെ (കരാർ ഉടമ്പടി വെച്ച തീയ്തി) മാർക്കറ്റ് വില ടണ്ണിന് 31,280 രൂപയാണ്. ഇതിന് ഡി.എസ്.ആർ പ്രകാരം 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് കണക്കാക്കിയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. മരാമത്ത് പ്രവൃത്തിയുടെ മെറ്റീരിയൽ ആഡിക്വസി പ്രകാരം ഉപയോഗിച്ച ബിറ്റുമിനും അതിന് അധികം അനുവദിച്ച തുകയുടെ വിശദാംശവും താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ/ എസ്റ്റിമേറ്റ് തുക/ബിൽ നമ്പർ/തുക | കരാറുകാരന്റെ പേര്/ടെൻഡർ കുറവ്(കോസ്റ്റ് ഇൻഡക്സ്) | മെറ്റീരിയൽ ആഡിക്വസി പ്രകാരം വിനിയോഗിച്ച ബിറ്റുമിൻ/എം ബുക്ക് പേജ് | ഡി.എസ്. ആർ പ്രകാരം ആകെ തുക കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ (ടെൻഡർ കുറവ് കുറച്ച്) | മാർക്കറ്റ് നിരക്ക് പ്രകാരം തുക , കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ (ടെൻഡർ കുറവ് കുറച്ച്) | അധികം അനുവദിച്ചതുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7=(5-6) |
| 1 | മൂത്തോട് തലപ്പൊയിൽ റോഡ്<br>പ്രോ.നം: 21/16<br>1 ലക്ഷം രൂപ 132/29.2.16<br>തുക - 93,906/- | കെ.അയൂബ്<br>0.10% കുറവ് 1.381 | 0.699 ടൺ<br>502/15-16 പേജ് 14<br>കരാർ തീയതി. 29.9.15 | 0.699x 41000 x 1.381=<br>39,578/-<br>(Less 39,578x.10% = 40/-) = 39,538/ | 0.699 x 32,180 x1.381<br>=31,064<br>(Less 31,064x.10% = 31/-) = 31,033/ | 8,505 |
| 2 | പള്ളിത്താഴെ കൈതപ്പൊയിൽറോഡ്<br>പ്രോ.നം: 72/16<br>2 ലക്ഷം രൂപ 127/1.3.16<br>തുക - 1,87,812/- | കെ.അയൂബ്<br>0.10% കുറവ് 1.381 | 1.446 ടൺ<br>501/15-16 പേജ് 18<br>കരാർ തീയതി. 29.9.15 | 1.446x 41,000 x1.381= 81,874/-<br>(Less 81,8744x.10% = 82/-) = 81,792/- | 1.446 X 31,280 X 1.381 = 62,464/-<br>(Less 62,464x.10% = 62/-) =62,402/- | 19,390 |

| | | | | | | |
|---|---|---|---|---|---|---|
| 3 | നെല്ലിക്കാപറമ്പ് കട്ടിലച്ചാൽ റോഡ്<br>പ്രോ.നം: 85/16<br>2 ലക്ഷം രൂപ 128/1.3.16<br>തുക - 1,87,812/- | കെ.അയൂബ്<br>0.10% കുറവ് 1.381 | 1.420 ടൺ<br>400/15-16 പേജ് 18<br>കരാർ തീയതി. 29.9.15 | 1.420x 41,000 x1.381= 80,402/-<br>(Less 80,402x.10% = 80/-) = 80,322/- | 1.420 X 31,280 X 1.381 = 61,296/-<br>(Less 61,296x.10% = 61/-) =61,235/- | 19,087 |
| 4 | എരഞ്ഞിമാവ് കൊതയം ചാൽ റോഡ്<br>പ്രോ.നം: 70/16<br>2 ലക്ഷം രൂപ 129/1.3.16<br>തുക - 1,87,812/- | കെ.അയൂബ്<br>0.10% കുറവ് 1.381 | 1.398 ടൺ<br>384/14-15 പേജ് 17<br>കരാർ തീയതി. 29.9.15 | 1.398x 41,000 x1.381= 79,156/-<br>(Less 79,156x.10% = 79/-) = 79,077/- | 1.398 X 31,280 X 1.381 = 60,390/-<br>(Less60,390x.10% = 60/-) =60,330/- | 18,747 |
| 5 | ചാത്തപ്പറമ്പ് പള്ളിമുക്ക് വിളക്കോട്ടിൽ റോഡ്<br>പ്രോ.നം: 69/16<br>2 ലക്ഷം രൂപ 165/29.3.16<br>തുക - 1,87,539/- | കെ.അയൂബ്<br>0.10% കുറവ് 1.381 | 1.307 ടൺ<br>649/15-16 പേജ് 14<br>കരാർ തീയതി. 29.9.15 | 1.307x 41,000 x1.381= 74,003/-<br>(Less 74,003x.10% = 74/-) = 73,929/- | 1.307 X 31,280 X 1.381 = 56,459/-<br>(Less56,459x.10% = 56/-)= 56,403/- | 17,526 |
| 6 | മുളപ്പറമ്പ് ആദാടികുന്ന് റോഡ്<br>പ്രോ.നം: 88/16<br>2 ലക്ഷം രൂപ 167/29.3.16<br>തുക - 1,62,642/- | ഇ.കെ അഹമ്മദ് കുട്ടി<br>11% കുറവ് 1.381 | 1.414 ടൺ<br>656/15-16 പേജ് 15<br>കരാർ തീയതി. 29.9.15 | 1.414x 41,000 x1.381= 80,062/-<br>(Less 80,062x11% =8807/-)= 71,255/- | 1.414 X 31,280 X 1.381 = 61,082/-<br>(Less61,082x11% = 6,719/-) =54,363/- | 16,892 |
| 7 | സൗത്ത് കൊടിയത്തൂർ കുളങ്ങര റോഡ്<br>പ്രോ.നം: 84/16<br>2 ലക്ഷം രൂപ 118/24.2.16<br>തുക - 1,78,220/- | അബ്ദുൾ ഗഫൂർ.കെ<br>6.2% കുറവ് 1.381 | 1.410ടൺ<br>493/15-16 പേജ് 15<br>കരാർ തീയതി. 29.9.15 | 1.410x 41,000 x1.381= 79,836/-<br>(Less 79,836x6.2% =4,950/-)= 74,886/- | 1.410 X 31,280 X 1.381 = 60,909/-<br>(Less60,909x6.2% =3,776/-)=57,133/- | 17,753 |
| 8 | എരഞ്ഞിമാവ് ചീനിക്കണ്ടി റോഡ്<br>പ്രോ.നം: 74/16<br>1.75 ലക്ഷം രൂപ 131/29.2.16 | കെ. അയൂബ്<br>0.10% കുറവ് 1.381 | 1.196 ടൺ<br>502/15-16 പേജ് 14<br>കരാർ തീയതി. | 1.196x 41,000 x1.381= 67,719/-<br>(Less 67,719x.10% | 1.196 X 31,280 X 1.381 = 51,664/-<br>(Less51,664x.10% = 52/-) = 51,612/- | 16,039 |

| | | | | | | |
|---|---|---|---|---|---|---|
| | തുക - 1,59,037/- | | 29.9.15 | = 68/-) = 67,651/- | | |
| 9 | ദേവസ്വംകാട് ചുണ്ടത്തും റോഡ്<br>പ്രോ.നം: 71/16<br>1 ലക്ഷം രൂപ 132/29.2.16<br>തുക - 93,906/- | കെ. അയൂബ്<br>0.10% കുറവ് 1.381 | 1.419ടൺ<br>500/15-16 പേജ് 17<br>കരാർ തീയതി. 29.9.15 | 1.419x 41,000 x1.381= 80,345/-<br>(Less 80,345x.10% = 80/-) = 80,265/- | 1.419 X 31,280 X 1.381 = 61,298/-<br>(Less 61,298x.10% = 61/-) =61,237/- | 19,028 |
| 10 | പൊറ്റമ്മൽ അങ്കണവാടി റോഡ്<br>പ്രോ.നം: 79/16<br>1 ലക്ഷം രൂപ 130/1.3.16<br>തുക - 93,906/- | കെ. അയൂബ്<br>0.10% കുറവ് 1.381 | 1.461ടൺ<br>412/15-16 പേജ് 17<br>കരാർ തീയതി. 29.9.15 | 1.461x 41,000 x1.381= 82,723/-<br>(Less 82,723x.10% = 83/-) = 81,792/- | 1.461 X 31,280 X 1.381 = 63,112/-<br>(Less 63,112x.10% = 63/-) =63,049/- | 18,743 |
| 11 | പാറപ്പുറം മുതുപ്പറമ്പ് റോഡ്<br>പ്രോ.നം: 75/16<br>1 ലക്ഷം രൂപ 134/29.2.16<br>തുക - 93,895/- | കെ. അയൂബ്<br>0.10% കുറവ് 1.381 | 0.722 ടൺ<br>379/14-15 പേജ് 17<br>കരാർ തീയതി. 29.9.15 | 0.722 x41,000 x1.381 = 40,880/-<br>(Less 40,880x.10% = 41/-) = 40,839/- | 0.722 X 31,280 X 1.381 = 31,189/-<br>(Less 31,189x.10% = 31/-) =31,158/- | 9,681 |
| 12 | ചാത്തപ്പറമ്പ് കോഴിക്കുളം റോഡ്<br>പ്രോ.നം: 83/16<br>1.5 ലക്ഷം രൂപ 135/1.3.16<br>തുക - 1,40,858/- | കെ. അയൂബ്<br>0.10% കുറവ് 1.381 | 1.106 ടൺ<br>382/14-15 പേജ് 17<br>കരാർ തീയതി. 29.9.15 | 1.106x 41,000 x1.381 = 62,623/-<br>(Less 62,623x.10% = 63/-) = 62,560/- | 1.106 X 31,280 X 1.381 = 47,777/-<br>(Less47,777x.10% = 48/-) =47,729/- | 14,831 |
| 13 | കൈതക്കൽ തടായി ലക്ഷം വീട് കോളനി റോഡ്<br>പ്രോ.നം: 80/16<br>1 ലക്ഷം രൂപ 132/29.2.16<br>തുക - 93,906/- | കെ. അയൂബ്<br>0.10% കുറവ് 1.381 | 0.639 ടൺ<br>383/15-16 പേജ് 17<br>കരാർ തീയതി. 29.9.15 | 0.639x 41,000 x1.381= 36,181/-<br>(Less 36,181x.10% = 36/-) = 36,145/- | 0.639 X 31,280 X 1.381 = 27,603/-<br>(Less27,603x.10% = 28/-) =27,575/- | 8,570 |

| | | | |
|---|---|---|---|
| ആകെ | 8,70,051 | 6,65,259 | 2,04,792 |

പ്രവൃത്തികൾക്ക് കരാറുകാരൻ ഉപയോഗിക്കുന്ന ബിറ്റുമിന് മാർക്കറ്റ് റേറ്റ് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് ടെൻഡറിൽ വ്യക്തമാക്കാത്തതിനാലാണ് ഇത്തരത്തിൽ നഷ്ടം സംഭവിക്കാനിടയായത്. ഈ വിഷയം സംബന്ധിച്ച് 25.11.2016 ന് നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2,04,792 രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്. ചെലവ് തുക നിരാകരിക്കുന്നു.

## 3-3 റോഡ് പ്രവൃത്തികളിൽ സിമൻറ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ റോഡ് പ്രവൃത്തിയിൽ ഒരിനം 20 മി.മീ. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഈ ഇനത്തിന് ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയതിന് ഒരു ഘനമീറ്ററിന് കോസ്റ്റ് ഇൻഡക്സ് 1.381 പ്രകാരം 6916.05 രൂപയും കരാർ പ്രവൃത്തിയാണെങ്കിൽ 7953.46 രൂപയുമാണ് അനുവദിച്ചത്. 2014 ലെ ഡൽഹി ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് നടപ്പാതയ്ക്കുള്ള കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം , ഡി.എസ്.ആറിലെ തന്നെ ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിക്കാനിടയായി. ഒരു ക്യൂബിക് മീറ്റർ കോൺക്രീറ്റ് ചെയ്യുവാൻ കൺവീനർക്ക് 4753.29രൂപ കണക്കാക്കി കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സ് മൂല്യം ആയ 1.381 പ്രകാരം കൺവീനർക്ക് 6564.29 രൂപയാണ് (4753.29x1.381=6564.29) അനുവദിക്കേണ്ടത്. കരാറുകാർക്ക് ഇത് 7548.96 രൂപയുമാണ് (5466.3x1.381=7548.96). ഇതിന് പകരം വർദ്ധിച്ച നിരക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ/ എസ്റ്റിമേറ്റ് തുക, ബിൽ നമ്പർ, വൗച്ചർ നമ്പർ | കരാറുകാരന്റെ/കൺവീനറുടെ പേര്,എംബുക്ക്നമ്പർ, പേജ്/ഇനം ടെൻഡർ റേറ്റ് | 1:2:4 കോൺക്രീറ്റ് ചെയ്ത വോള്യം(ഘന മീറ്ററിൽ) | അനുവദിച്ച തുക (കോഡ് - 11.7) | കോസ്റ്റ് ഇൻഡക്സ് | അനുവദി ക്കേണ്ട തുക (കോഡ് - 4.1.3) | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1. | പുറമണ്ണിൽ കുളിക്കടവ് പാത്ത് വെ / 29/16) തുക1 ലക്ഷംരൂപ ബിൽനം. 173/29.3.16/ 93,396/- | ആരിഫ്.കെ, കൺവീനർ 386/14-15 പേജ് 5/ഇനം 3/ എസ്റ്റിമേറ്റ് റേറ്റ് | 11.00 ഘനമീറ്റർ | 76,076.55 (11.00 x 6,916.05) | 1.381 | 72,207.19 (11.00 x 6,564.29) | 3,869 |
| 2 | ചേലാംകുന്ന് കോളനി റോഡ്/66/16/ തുക 2,00,00/- ബിൽ നം.166/ 29.3.16/ 1,61,492/- | കെ.അയൂബ്, കരാറുകാരൻ 657/15-16 പേജ് 8/ ഇനം 5/ എസ്റ്റിമേറ്റിനേക്കാൾ 14% കുറവ്. | 16.53 ഘനമീറ്റർ | 1,31,471 (16.53 x 7953.46) | 1.381 | 1,24,784/- (16.53 x 7548.96) | 6,687 |
| ആകെ | | | | | | | 10,556 |

ഈ വിഷയം സംബന്ധിച്ച് 25.11.2016 ന് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സിമൻറ് കോൺക്രീറ്റിന് 10,556 രൂപ അധികം നൽകിയത് നിർവ്വഹണോദ്യഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 ഡി.ആർ.പേവിംഗിന് മുകളിൽ കോൺക്രീറ്റ് പ്രവൃത്തി- ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തിയിൽ ഡ്രൈറബിൾ പാകിയതിനു മുകളിലായി കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നം, പേര്, എം ബുക്ക് നം | കൺവീനർ | ചെലവ് | ഫണ്ടിനം | ഡി.ഡി. നം |
|---|---|---|---|---|
| 42/16, പൊലുകുന്ന് ചാത്തങ്കോട് റോഡ്, 441/ 14-15 | ടി.കോമുക്കുട്ടി | 94,340/- | തനത് ഫണ്ട് | 110194/ 24.07.2015 |

ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ ത.സ്വ.ഭ.വ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി സ്പെസിഫിക്കേഷൻ നിർദ്ദേശിക്കുന്നു. എന്നാൽ DR പേവിംഗിനു മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരം വ്യവസ്ഥയില്ല. ഡ്രൈറബിൾ പാക്കിംഗിൽ വോയിഡ്സ് പൂർണ്ണമായും പായ്ക്ക് ചെയ്യുന്നത് ബുദ്ധിമുട്ടായതിനാൽ വാഹനങ്ങൾ കയറി പോകുമ്പോൾ പാക്കിംഗ് ഇളകാനും തന്മൂലം അതിന് മുകളിൽ ചെയ്തിട്ടുള്ള കോൺക്രീറ്റ് പൊട്ടിപ്പോകുന്നതിനും ഇടയാകുന്നു. ആയതിനാൽ മേൽ ഉത്തരവിൽ ഡ്രൈറബിൾ പാക്കിംഗിന് മുകളിൽ കോൺക്രീറ്റിംഗ് പാടില്ലെന്ന് നിഷ്കർഷിക്കുന്നു. ഈ വിഷയം സംബന്ധിച്ച് 25.11.2016 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധമായി പ്രവൃത്തി നടത്തിയതിന് ചെലവായ 94,340 രൂപ നിർവ്വഹണോദ്യഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗിച്ചു - IRC സ്പെഫിക്കേഷന് വിരുദ്ധം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായി 11 കോൺക്രീറ്റ് റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര്, എം.ബുക്ക് നം. | കൺവീനർ/ കരാറുകാരൻ | ചെലവ് | ഡി.ഡി നം./ തീയതി |
|---|---|---|---|---|
| 1. | 29/16, പുറമണ്ണിൽ കുളക്കടവ് റോഡ്, 386/14-15 | ആരിഫ് (കൺവീനർ) | 1,00,000/- | 51532/ 31.03.2016 |
| 2. | 66/16, ചേലാംകുന്ന് കോളനി റോഡ്, 657/15-16 | കെ.അയൂബ് (കരാറുകാരൻ) | 1,71,800/- | 51534/ 31.03.2016 |
| 3. | 242/16, പൊലുകുന്ന് ചാത്തങ്കോട് റോഡ്, 441/ 14-15 | ടി.കോമുക്കുട്ടി (കൺവീനർ) | 1,00,000/- | 110194/ 24.07.2015 |
| 4. | 251/16, ചെറുവാടി പി.എച്ച്.സി റോഡ്, 458/14-15 | മുഹമ്മദ് അഷ്റഫ് (കൺവീനർ) | 3,00,000/- | 110846/ 29.09.2015 |
| 5. | 239/16, തടായി ലക്ഷം കോളനി റോഡ്, 381/14-15 | അയൂബ് ഖാൻ (കൺവീനർ) | 5,25,000/- | 50213/ 10.03.2016 |
| 6. | 172/16, കണ്ടങ്ങൽ വരിയൻ ചാലിൽ മുറത്തുംമൂല റോഡ്, 115/13-14 | അബ്ദുൾ ഗഫൂർ.കെ | 3,76,390/- | 110210/ 24.07.2015 |

| | | | | |
|---|---|---|---|---|
| | | (കരാറുകാരൻ) | | |
| 7. | 177/16, വളപ്പിൽ പുറായി റോഡ്, 201/13-14 | ഉണ്ണിക്കമ്മു. (കൺവീനർ) | 1,00,000/- | 110209/ 24.07.2015 |
| 8. | 159/16, കുന്നത്ത് മൂശാരിക്കണ്ടി റോഡ്, 491/15-16 | അബ്ദുൾ ബഷീർ (കരാറുകാരൻ) | 49,950/- | 111134/ 16.10.2015 |
| 9. | 201/16, വളപ്പില്ഡ പുത്തൻ പീടിയക്കൽ റോഡ്, 20/13-14 | അബ്ദുള്ള.എ (കൺവീനർ) | 75,000/- | 110842/ 29.09.2015 |
| 10. | 186/16,മൂപ്പരിച്ചാൽകള്ളാടിക്കുന്ന് റോഡ്, 240/13-14 | സുധീഷ് കുമാർ (കൺവീനർ) | 91,646/- | 110841/ 29.09.2015 |
| 11. | 248/16, ഉച്ചക്കാവ് ആനപ്പാറ റോഡ്, 388/14-15 | ആലി (കൺവീനർ) | 2,33,865/- | 110855/ 29.09.2015 |
| ആകെ | | | 21,23,651 | |

കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion) ആവശ്യമായ പ്രൊവിഷൻ ഉൾപ്പെപെടുത്താനും നിഷ്കർഷിക്കുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷൻ 62-2014 ആണ് ഗ്രാമീണ റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്നത്. ഈ സ്പെസിഫിക്കേഷനിൽ ട്രാഫിക്കിന്റെ ബാഹുല്യം അടിസ്ഥാനപ്പെടുത്തിയാണ് വ്യത്യസ്തരീതിയിലുള്ള സബ്ഗ്രേഡ് ഉപയോഗിക്കേണ്ടതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. മേൽ പ്രവൃത്തികളിൽ ഗ്രേഡ് ചെയ്യാത്ത ക്വാറിപ്പൊടി സബ് ബേസ് ആയി ഉപയോഗിച്ചിട്ടുണ്ട്. ക്വാറിപ്പൊടി ഉപയോഗിക്കുന്നതിന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ വ്യവസ്ഥയില്ല. ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾ ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. കോൺക്രീറ്റ് പ്രവർത്തികൾ നടത്തുന്നതിനു മുൻപ് ട്രാഫിക്ക് സംബന്ധിച്ചുള്ള സർവ്വെയോ, മറ്റ് അന്വേഷണങ്ങളോ നടത്തിയില്ല. കൂടാതെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ധനകാര്യം) 26.09.2016 ലെ 718974/Estt-D4/16/ഫിൻ സ്പഷ്ടീകരണ കത്ത് പ്രകാരം റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ, മണ്ണിന്റെ CBR മൂല്യം ഉയർത്തേണ്ട ആവശ്യകത ഉണ്ട് എന്ന് തെളിയിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഈ രേഖകളൊന്നും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് റോഡ് നിർമ്മിക്കുന്ന സ്ഥലം വെള്ളക്കെട്ടുള്ളതാണെന്നാണ്. വെള്ളക്കെട്ടിന് പരിഹാരമായി സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ 34, 305 നം.ഇനങ്ങളിൽ വിശദീകരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് 25.11.2016 ന് നൽകിയ 7ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. IRC സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തികൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-6 തെളിച്ചം സമഗ്രവിദ്യാഭ്യാസ പദ്ധതി - അപാകതകൾ

നിർവഹണം : ഹെഡ് മാസ്റ്റർ

പ്രോജക്ട് : 290/16, തെളിച്ചം സമഗ്രവിദ്യാഭ്യാസ പദ്ധതി.

അടങ്കൽ : 41,050/- വികസനഫണ്ട് (ജനറൽ)

: 2,00,000/- 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

: 1,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: 3,93,800/- വികസനഫണ്ട് (എസ് സി പി)

7,34,850/-

ചെലവ് : 1,98,000/- ബിൽ നം.4/29.3.2016

2014-15 വർഷം നടപ്പിലാക്കിയ തെളിച്ചം സമഗ്രവിദ്യാഭ്യാസ പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും കസേരകൾ വാങ്ങിയതിൽ ബാക്കിയുള്ള തുക നൽകുന്നതിനാണ് 1,98,000രൂപ ചെലവഴിച്ചത്. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സിഡ്കോയ്ക്ക് അധികതുക നൽകി.

2014-15 വർഷം സിഡ്കോയിൽ നിന്ന് 75 സ്റ്റീൽ കസേരകൾ വാങ്ങിയതിന് 7.10.14ലെ ഇൻവോയ്സ് നം.7361 പ്രകാരം 284676 രൂപയാണ് നൽകാനുണ്ടായിരുന്നത്. അതിൽ 87828രൂപ 2014-15ൽ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. 2015-16ൽ ബാക്കിയുള്ള 196848 രൂപ നൽകുന്നതിന് പകരം 198000രൂപ നൽകിയിട്ടുണ്ട്. 1152രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1. ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോവിൽ നിന്ന് കസേരകൾ നേരിട്ട് വാങ്ങി.

ജി.ഒ(ആർ.ടി.)നം.73/14/എസ്.പി.ഡി/18/12/14, ജി.ഒ(ആർ.ടി.)നം.74/14/ എസ്.പി.ഡി /19/12/14, എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ നടപടികളില്ലാതെ തന്നെ സ്റ്റീൽ/മര ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങാവുന്നതാണ്. പ്രസ്തുത ഉത്തരവുകളുടെ അനുബന്ധമായിട്ടുള്ള പട്ടികയിൽ സിഡ്കോ വിതരണം നടത്തേണ്ട ഫർണിച്ചറുകൾ ഏതെല്ലാമാണെന്നും അവയുടെ വാറ്റ് ഒഴികെയുള്ള നിരക്കും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ പട്ടികയിൽ ഉൾപ്പെടാത്ത ഇനമായ 'Steel Jefferson chair with folding type writing pad and bottom rack' ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-7 <u>അപകടകരമായ അവസ്ഥയിൽ അങ്കണവാടി പ്രവർത്തിക്കുന്നു.</u>

തെയ്യത്തുംകടവ് അങ്കണവാടി, വയോജനങ്ങൾക്ക് പകൽവീട് എന്നിവ പ്രവർത്തിക്കുന്നതിനായി 25ലക്ഷം രൂപ എം എൽ എ ഫണ്ട് ഉപയോഗിച്ച് 2015-16 വർഷത്തിൽ തെയ്യത്തുംകടവ് എന്ന സ്ഥലത്ത് പുഴപുറമ്പോക്കിൽ ഒരു ഇരുനിലകെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്താണ് പ്രൊജക്റ്റിന്റെ നിർവ്വഹണം നടത്തിയത്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ നിലവിൽ തെയ്യത്തുംകടവ് അങ്കണവാടി (സെന്റർ നം.33) പ്രവർത്തിച്ച് വരുന്നു. കുടിവെള്ളം, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ലാത്തതിനാൽ വയോജനങ്ങൾക്കുള്ള പകൽവീട് ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 25.11.16ന് കെട്ടിടം നേരിൽ സന്ദർശിച്ചതിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കെട്ടിടത്തിന്റെ പിൻവശത്തു കൂടി 11000 വോൾട്ട് ഇലക്ട്രിക് ലൈനും കെട്ടിടത്തിന്റെ വലതുവശത്ത് കൂടി 230 വോൾട്ട് ഇലക്ട്രിക് ലൈനും ഏകദേശം 30 സെന്റീമീറ്റർ അകലത്തിൽ കടന്നു പോകുന്നുണ്ട്. 2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 26(5) ലെ പട്ടിക 1 പ്രകാരം കുറഞ്ഞതും ഇടത്തരവുമായ വോൾട്ടേജ് ലൈനുകളിൽ നിന്ന് ഒരു കെട്ടിടത്തിലേക്ക് ഏറ്റവും ചുരുങ്ങിയത് 1.20മീറ്റർ സമാന്തര അകലവും 2.40 മീറ്റർ ലംബമായ അകലവുമുണ്ടായിരിക്കണം. എന്നാൽ അങ്കണവാടി കെട്ടിടത്തിന്റെ ഇരുവശങ്ങളിൽ കൂടിയും ഏകദേശം 30 സെന്റീമീറ്റർ അകലത്തിൽ കൂടിയാണ് ലൈനുകൾ കടന്നു പോകുന്നത്.

2. ഇരുവഴിഞ്ഞിപുഴയുടെ തീരത്തുനിന്നും വെറും 5 മീറ്റർ അകലത്തിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടിയിട്ടില്ല. 3 വയസ്സിനും 6 വയസ്സിനുമിടയിലുള്ള കുട്ടികളാണ് അങ്കണവാടിയിൽ വരുന്നത്. പുഴയുടെ തൊട്ടടുത്ത് യാതൊരു സുരക്ഷിതത്വവുമില്ലാത്ത അവസ്ഥയിലാണ് നിലവിൽ അങ്കണവാടി പ്രവർത്തിക്കുന്നത് എന്നതിനാൽ കുട്ടികളെ അങ്കണവാടിയിൽ വിടാൻ മാതാപിതാക്കൾ തയ്യാറാവുന്നില്ല എന്ന്

അങ്കണവാടി ജീവനക്കാരോടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു . അങ്കണവാടിയിലെ ഹാജർ പുസ്തകപ്രകാരം 20 കുട്ടികൾ ഉണ്ടെങ്കിലും സന്ദർശന സമയത്ത് 8 കുട്ടികളാണുണ്ടായിരുന്നത്.

3. ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടനിർമ്മാണാനുമതി ലഭിക്കാതെയാണ് കെട്ടിടനിർമ്മാണം നടത്തിയത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2)(3) പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ സെക്രട്ടറിയുടെ അനുവാദപത്രമില്ലാതെ (Permit) ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം.7(2) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പിന്റെ ഏതെങ്കിലും കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിർമ്മാണം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് കെട്ടിടത്തിന്റെ പ്ലാനുകളുടെ ഒരു സെറ്റ്, ഈ പ്ലാൻ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമാണെന്നുള്ള സർട്ടിഫിക്കറ്റോട് കൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം. 9 പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന സർക്കാർ കാര്യാലയങ്ങളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല.

4. കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കാതെയാണ് കെട്ടിടനിർമ്മാണം നടത്തിയത് എന്നതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ല. നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല.

അപകടകരമായ അവസ്ഥയിൽ അങ്കണവാടി പ്രവർത്തിക്കാനനുവദിച്ചതിനും ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടനിർമ്മാണാനുമതി ലഭിക്കാതെ കെട്ടിടം നിർമ്മിച്ചതിനെതിരെ നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് തൊട്ടടുത്തു കൂടി കടന്നുപോകുന്ന ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കാനും ചുറ്റുമതിൽ കെട്ടാനുമുള്ള നടപടി സ്വീകരിച്ച് കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നില്ല

നിർവഹണഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ട് - 16/16, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ - 1,87,500, വികസനഫണ്ട് (ജനറൽ)

- 1,12,500, ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 75,000, ജില്ലാപഞ്ചായത്ത് വിഹിതം

- 3,75,000

ചെലവ് - 1,87,500, ബിൽ നം.8/22.3.16

- 93,750 ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നൽകി.

- 75,000 ജില്ലാപഞ്ചായത്ത് നേരിട്ട് നൽകി.

- 3,56,250

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ശാരീരിക വെല്ലുവിളി നേരിടുന്ന24 ഗുണഭോക്താക്കൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 60 ഗുണഭോക്താക്കൾക്കും 4240 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. സ. ഉ. (എം എസ്) നം 362/2013 തസ്വഭവ തി. 16.11.2013, ഖണ്ഡിക 8 പ്രകാരം വികസന ഫണ്ടിൽ നിന്നുള്ള നിർബന്ധ വകയിരുത്തലുകളിൽ ഉൾപ്പെട്ടതാണ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള തുക. ഇതേ ഉത്തരവിലെ അനുബന്ധം 16 ഖ. 5.8 അനുസരിച്ച് ഇവർക്ക് നൽകേണ്ട സ്കോളർഷിപ്പും മറ്റു ബത്തകളും എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് 400 രൂപയും, വാർഷിക ബത്ത 500

രൂപയും നല്കിയിരിക്കണം. അതേപോലെ, പ്രൈമറി, ഹൈസ്കൂൾ കുട്ടികൾക്ക് ഇവ യഥാക്രമം സ്കോളർഷിപ്പ് ഇനത്തിൽ 500 രൂപ, 600 രൂപയും ബത്തയിനത്തിൽ 600 രൂപ, 800 രൂപ എന്നിങ്ങനെ ആണ്. ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇവ 800 രൂപ, 1000 രൂപ, 1000 രൂപ1500 രൂപ എന്നിങ്ങനെയുമാണ്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും, വാർഷിക ബത്ത 3600 രൂപയുമാണ്.

സർക്കാർ ഉത്തരവ് പ്രകാരം ത്രിതല പഞ്ചായത്തുകൾ ഇതിനാവശ്യമായ തുക 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന ഒരു ബിരുദ വിദ്യാർത്ഥിക്ക് ഒരു വർഷത്തിൽ 9600 രൂപയും നല്കിയിരിക്കണം. അതേ പോലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 15,600 രൂപയും നൽകിയിരിക്കണം. ഇത്രയും രൂപ വികസന ഫണ്ടിൽ നിന്നും നിർബന്ധമായി വകയിരുത്തി നൽകണമെന്നിരിക്കെ 2015-16 വർഷം 4240 രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയത്. ഇക്കാര്യം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണെങ്കിലും 2016-17ൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 1,50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 <u>പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങൾ ഉപയോഗിച്ച് കൊണ്ടിരുന്നവ ഉൾപ്പടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ പഴം പറമ്പ്, പറയങ്ങാട്ട്, ചെറുവാടി ഭാഗങ്ങളിലൂടെ ചാലിയാർ പുഴയും തോട്ടുമുക്കം, പള്ളിത്താഴെ ഭാഗങ്ങളിലൂടെ ചെറുപുഴയും കൊടിയത്തൂർ, വെസ്റ്റ് കൊടിയത്തൂർ, വേരൻകടവ്, പുതിയോട്ടിൽ, എടവഴിക്കടവ് എന്നീ പ്രദേശങ്ങളിലൂടെ ഇരുവഴിഞ്ഞിപ്പുഴയും ഒഴുകുന്നുണ്ട്. പുറമ്പോക്ക് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് 26.11.2016 ന് നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിലെ വൃക്ഷങ്ങളുടെ എണ്ണം, പുഴ പുറമ്പോക്ക് ഭൂമികൾ പാട്ടത്തിന് നൽകിയത്, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയത് കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നിയമ നടപടികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-10 ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

ആശ്രയ പദ്ധതിയുടെ ആദ്യ പ്രൊജക്ട് 2013 വർഷത്തിൽ പുതുക്കിയതിൽ 36 ഗുണഭോക്താക്കൾക്ക് തുടർസേവനം ആവശ്യമായിട്ടുണ്ട്. കൂടാതെ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ അംഗീകാരം വാങ്ങിയ പുതിയ പ്രൊജക്ടിൽ ആകെ 46 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. രണ്ട് പ്രൊജക്ടുകൾ പ്രകാരവും വിവിധ അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ ഉള്ള ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ* | 36 | 45 |
| പ്രൊജക്ട് പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 3 | ഇല്ല |
| നാളിതുവരെ ലഭിച്ചവർ | 1 | ഇല്ല |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 13 | 5 |
| നാളിതുവരെ ലഭിച്ചവർ | 9 | ഇല്ല |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 12 | 25 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | 6 | 21 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | 2 | 15 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |

2013 ൽ തയ്യാറാക്കിയ പ്രൊജക്ടിലെ ഗുണഭോക്താക്കളിൽ നാളിതുവരെ വീട് ലഭിക്കാത്തതായി 4 പേരും റിപ്പയർ ആവശ്യമുള്ള 12 പേരും കക്കൂസ് ആവശ്യമുള്ള 6 പേരും കുടിവെള്ളസൗകര്യമില്ലാത്ത 2 പേരും അവശേഷിക്കുന്നുണ്ട് എന്നത് വിശദീകരിക്കപ്പെടേണ്ടതാണ്. കൂടാതെ 2014-15 വർഷത്തിൽ അംഗീകാരം വാങ്ങിയ പുതിയ പ്രൊജക്ടിലെ ഒരു ഗുണഭോക്താവിനും നാളിതുവരെ സഹായം ലഭ്യമാകാത്തതും വിശദീകരിക്കേണ്ടതാണ്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രൊജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തി ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടതായിരുന്നു. ജി ഒ (എം എസ്) 362/2013 തസ്വഭവ. തീ. 16/11/2013 അനുബന്ധം 14 ഖണ്ഡിക 6.8(i); (ii) എന്നിവ അനുസരിച്ച് എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണം സഹായം നൽകിയതിനുശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളു. അതേപോലെ അഗതികളുടെ ഭവനനിർമ്മാണം/ ഭവന പുനരുദ്ധാരണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ഉത്തരവ് അനുബന്ധം 16 ഖണ്ഡിക 7.18 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയ പരിപാടി പ്രകാരം കണ്ടെത്തിയ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് സ്ഥലം നൽകൽ, ഭവന നിർമ്മാണം, വീടിന്റെ പുനരുദ്ധാരണം, കക്കൂസുകളുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, എന്നീ ആനുകൂല്യങ്ങൾ നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആശ്രയപദ്ധതി പ്രകാരം വീട്, വീട് റിപ്പയർ, കുടിവെള്ളം, കക്കൂസ് എന്നിവ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നാളിതുവരെ ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 മണൽ വരവ് -റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം - 13,41,778 രൂപ അടയ്ക്കാൻ ബാക്കി

ഗ്രാമ പഞ്ചായത്ത് നേരിട്ട് പി ഫോറം മുഖേന വിൽപന നടത്തുന്ന മണൽ വിലയിൽ ഈടാക്കുന്ന റിവർ

മാനേജ്മെന്റ് ഫണ്ട് വിഹിതം ജില്ലാ കലക്ടറുടെ പേരിലുള്ള ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് യഥാസമയം അടയ്ക്കുന്നില്ല. 2015-16 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആകെ 13,41,778 രൂപ ഈയിനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഈടാക്കിയതിന്റെയും അക്കൗണ്ടിലേക്ക് അടച്ചതിന്റെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | അടച്ച തുക | അടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2013-14 | 4733054 | 261210 | 4994264 | - | 4994264 |
| 2014-15 | 4994264 | 509895 | 5504159 | 4162381 | 1341778 |
| 2015-16 | 1341778 | - | 1341778 | - | 1341778 |

പഞ്ചായത്തിന് അവകാശമില്ലാത്തതും മറ്റ് സ്ഥാപനങ്ങൾക്ക് ബാദ്ധ്യതപ്പെട്ടതുമായ തുക യഥാസമയം ബന്ധപ്പെട്ടവർക്ക് നൽകാതെ ദീർഘകാലം കൈവശം വയ്ക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അക്കൗണ്ടിലേക്ക് അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ഇ എം എസ് ഭവനപദ്ധതി അധികവിഹിതം നൽകൽ - അപാകതകൾ

നിർവഹണം : വി ഇ ഒ

പ്രോജക്ട് : 291/16, ഇ എം എസ് ഭവനപദ്ധതി അധികവിഹിതം നൽകൽ

അടങ്കൽ : 7,45,215/-13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

: 1,85,250/- തനത് ഫണ്ട്

: 5,44,750/- വികസനഫണ്ട് (ജനറൽ)

:14,75,215/-

ചെലവ് : 7,45,215/- ബിൽ നം.1/20.11.2015

: 5,44,750/- ബിൽ നം.2/25.3.2016

12,89,965/-

ഇ എം.എസ് ഭവനപദ്ധതി പ്രകാരം കരാർ വെച്ച ഗുണഭോക്താക്കൾക്ക് അധികവിഹിതം നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇതു പ്രകാരം 56 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 12,89,965രൂപ വികസനഫണ്ടിൽനിന്നും പിൻവലിച്ചെങ്കിലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കൾ കൈപ്പറ്റാത്ത 1,72,465 രൂപ 24.11.16ന് ചലാൻ നം. 42/23.11.16 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. തിരിച്ചടച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പിൻവലിച്ച തുക/തീയതി | ചെലവഴിച്ച തുക | തിരിച്ചടച്ച തുക/തീയതി |
|---|---|---|---|
| 1 | 7,45,215 / 20.11.15 | 7,20,215 | 25,000 / 24.11.16 |

| | | | |
|---|---|---|---|
| | 5,44,750 / 24.3.2016 | 3,97,285 | 1,47,465/ 24.11.16 |
| | | | 1,72,465 |

ജി.ഒ.പി. 177/2006 ധനം 12-4-2006, ജി.ഒ.പി. 119/2015 ധനം 21-3-2015 ഉത്തരവുകൾ പ്രകാരം ചെലവഴിക്കാത്ത വികസനഫണ്ട് തുകകൾ ഒരു മാസത്തിനകം തിരിച്ചടക്കേണ്ടതാണ്. എന്നാൽ മേൽ തുകകൾ പിൻവലിച്ച് യഥാക്രമം ഒരു വർഷവും 8 മാസവും കഴിഞ്ഞ് ഓഡിറ്റ് തുടങ്ങിയതിന് ശേഷമാണ് തിരിച്ചടച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കേ തുക പിൻവലിക്കേണ്ടതുള്ളൂ എന്നിരിക്കേ മുൻകൂറായി വികസനഫണ്ട് പിൻവലിച്ചതിനും പിൻവലിച്ച തുക ഒരു വർഷത്തോളം കൈവശം വെച്ചതിനും വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-13 ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

നിർവഹണഉദ്യോഗസ്ഥൻ : വി ഇ ഒ

ഇ എം എസ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ച ചില ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | മൊത്തം കൈപ്പറ്റിയ തുക | അവസാനമായി ധനസഹായം കൈപ്പറ്റിയ തീയതി | ആകെ അർഹമായ തുക |
|---|---|---|---|---|
| 1 | ഷേർലി ഇടശ്ശേരി | 67500 | 19.3.2011 | 1,00,000 |
| 2 | വേലായുധൻ പുതുക്കുടിയിൽ | 52500 | 8.7.2012 | 1,00,000 |
| 3 | ഉണ്ണിച്ചിര പന്നിക്കോട്ടുതൊടി | 67500 | 21.3.2011 | 1,00,000 |
| 4 | ചിന്നമ്മ സ്റ്റീഫൻ നമ്പേലിൽ | 22500 | 6.12.2010 | 1,00,000 |
| 5 | ചന്ദ്രൻ എരമംഗലത്ത് | 52500 | 1.9.2011 | 1,00,000 |
| 6 | ശ്രീജ വിളക്കോട്ടിൽ | 52500 | 28.3.2012 | 1,00,000 |

| | | | | |
|---|---|---|---|---|
| 7 | നസീറ മാട്ടുമുറിക്കൽ | 52500 | 31.12.2012 | 1,00,000 |
| 8 | അബ്ദുറഹിമാൻ കുറുവാടങ്ങൽ | 52500 | 26.11.2015 | 1,00,000 |
| 9 | നഫീസ കൊളക്കാടൻ | 22500 | 23.3.2012 | 1,00,000 |

മുകളിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 വ്യക്തിഗത കക്കൂസ് നിർമ്മാണം - ധനസഹായം നൽകൽ - അപാകതകൾ

നിർവഹണം : വി ഇ ഒ

പ്രോജക്ട് : 278/16, വ്യക്തിഗത കക്കൂസ് നിർമ്മാണം - ധനസഹായം നൽകൽ

അടങ്കൽ : 9,72,000/- ശുചിത്വമിഷൻ ഫണ്ട്

: 1,13,400/- തനത് ഫണ്ട്

: 10,85,400/-

ചെലവ് : 6,00,000/- ചെക്ക് നം. 162107/30.7.2015

: 2,40,000/- ചെക്ക് നം. 162132/25.9.2015

: 12,000/- ചെക്ക് നം. 171796/31.3.2016

സ.ഉ.(സാധാ) നം.3507/2014/ത സ്വ ഭ വ തീയതി 31.12.14 ഉത്തരവ് പ്രകാരം സ്വച്ഛഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ജലസംഭരണസംവിധാനത്തോടു കൂടി നിർമ്മിക്കുന്ന ഗാർഹിക കക്കൂസുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പ്രൊജക്ട് നിർവഹണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഒരു കക്കൂസിന് ശുചിത്വമിഷൻഫണ്ട് വിഹിതം 12000 രൂപയും തനതുഫണ്ട് വിഹിതം 1400രൂപയുമുൾപ്പെടെ 13400രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി പ്രൊജക്ട് തയ്യാറാക്കുകയും 71 ഗുണഭോക്താക്കൾക്ക് 12000രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 13400 രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകേണ്ടതെങ്കിലും തനത് ഫണ്ട് വിഹിതമായ 1400 രൂപ നൽകിയതായി കാണുന്നില്ല. പ്രൊജക്ട് പ്രകാരമുള്ള ധനസഹായം പൂർണ്ണമായി അനുവദിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-15 ഗ്രാമപഞ്ചായത്ത് ലൈബ്രറി 10 മാസക്കാലമായി അടഞ്ഞുകിടക്കുന്നു. തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ലൈബ്രറിയുമായി ബന്ധപ്പെട്ട ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ലൈബ്രറി നടത്തിപ്പിനെ സംബന്ധിച്ച് ഒരു ബൈലോ 6/1993ൽ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് സർക്കാറിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടില്ല.
2. ആക്സഷൻ രജിസ്റ്റർ പ്രകാരം നിലവിൽ ലൈബ്രറിയിൽ ആകെ 883 പുസ്തകങ്ങളാണുള്ളത്. ഇതിൽ ഏതാനും പുസ്തകങ്ങൾ കാലപഴക്കത്താൽ ഉപയോഗ ശൂന്യവുമാണ്. ലൈബ്രറി പ്രവർത്തനമാരംഭിച്ച

1993-94 വർഷത്തിൽ വാങ്ങിയ പുസ്തകങ്ങളല്ലാതെ 23 വർഷത്തിനു ശേഷവും പുതിയ പുസ്തകങ്ങളൊന്നും തന്നെ വാങ്ങിയില്ല.

3. ഗ്രാമപഞ്ചായത്ത് ലൈബ്രറി ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.
4. നിലവിൽ ലൈബ്രറിയിലെ ആകെ അംഗത്വം 116 ആണ്. എന്നാൽ സജീവ അംഗങ്ങളുടെ എണ്ണം 15 ൽ താഴെ മാത്രമാണ്. പുതിയ പുസ്തകങ്ങളുടെ അഭാവം അംഗങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ഒരു തടസ്സമാണ്.
5. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 18.01.2016 വരെ മാത്രമാണ് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. ഈ തീയതി മുതൽ ലൈബ്രേറിയന്റെ തസ്തിക ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞുകിടക്കുകയാണ്. 18.01.2016 മുതൽ ഓഡിറ്റ് തീയതി വരെ (29.11.2016) 10 മാസക്കാലത്തിൽ കൂടുതലായി ലൈബ്രറി അടഞ്ഞുകിടക്കുകയാണ്. ലൈബ്രേറിയന്റെ ഒഴിവ് നികത്തുന്നതിനോ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ലൈബ്രറി കാര്യക്ഷമമായി

പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-16 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ–മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം : ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ,37/15-16

ബിൽ നം/തുക : 1 /2015-16 /21/10/15 . 200000

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥ : ഹോമിയോ മെഡിക്കൽ ഓഫീസർ

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങാൻ വേണ്ടി മേൽ പ്രോജക്ട് പ്രകാരം 200000രൂപ (ഡി ഡി നം 111281/3-11-15) ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. ഹോംകോയിൽ നിന്നും മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല. 2,00,000/- രൂപയിൽ 76,815 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചത്. (ഇൻവോയിസ് നം. എൽ എഫ് 16/19-4-16). ഈ മരുന്നുകൾ സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് കാലയളവ് വരെ ബാക്കി ലഭിക്കാനുള്ള മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 25-11-16 ന് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

## 3-17 ഐ എ വൈ വിഹിതം നൽകൽ (ജനറൽ) - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് - 7/16,ഐ എ വൈ വിഹിതം നൽകൽ (ജനറൽ)

അടങ്കൽ - 5,00,000/- വികസനഫണ്ട് (ജനറൽ)

ചെലവ് - 5,00,000/- ബിൽ നം. 520/02801139/25.2.2016

ഐ എ വൈ ഭവനപദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 5,00,000 രൂപ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. 2015-16വർഷം വരെ കരാർ വെച്ച ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വിഹിതമായി 22,75,282 രൂപ നൽകാനുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (2014-15വരെ - 16,75,282 രൂപ, 2015-16ൽ കരാർ വെച്ചവർ - 6,00,000രൂപ). എന്നാൽ 5,00,000രൂപ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളൂ. അതിനാൽ തന്നെ ഭവനനിർമ്മാണം പൂർത്തിയാക്കി ധനസഹായത്തിന് അപേക്ഷ നൽകുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ ബ്ലോക്ക്

പഞ്ചായത്തിൽ ഫണ്ടില്ലാത്ത അവസ്ഥയുണ്ടാകും. പ്രൊജക്ട് പ്രകാരം ആവശ്യമായ ഫണ്ട് പൂർണ്ണമായും നൽകാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 എസ് എസ് എ വിഹിതം നൽകൽ - അപാകതകൾ

നിർവഹണം : ഹെഡ് മാസ്റ്റർ

പ്രോജക്ട് : 165/16, എസ് എസ് എ വിഹിതം നൽകൽ

അടങ്കൽ : 4,00,000/-വികസനഫണ്ട് (എസ് സി പി)

ചെലവ് : 4,00,000/- ബിൽ നം.1/15.10.2015

ഗ്രാമപഞ്ചായത്തിന്റെ എസ് എസ് എ വിഹിതം നൽകുന്നതിനായി 4,00,000 രൂപ വികസനഫണ്ട് (എസ് സി പി) വകയിരുത്തുകയും മേൽ ബിൽ പ്രകാരം പിൻവലിച്ച് എസ് എസ് എ പ്രൊജക്ട് ഡയരക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 16.11.2013ലെ സ.ഉ (എം.എസ്) നം.362/13ത സ്വ ഭ വ പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 8 പ്രകാരം എസ് എസ് എ വിഹിതം നൽകുന്നതിന് എസ് സി പി ഫണ്ട് വകയിരുത്തുമ്പോൾ ഓരോ സ്കൂളിലെയും പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രൊജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം പ്രൊജക്ടിനോടൊപ്പം സമർപ്പിച്ചിട്ടില്ല. 400000 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും മേൽ തുക ഏതൊക്കെ സ്കൂളുകൾക്ക്, എന്തൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിച്ചതെന്ന് കാണിക്കുന്ന വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓരോ സ്കൂളിലെയും പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രവും തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-19 മുൻകൂറുകൾ തിരിച്ചു പിടിച്ചില്ല

2010-11, 2011-12 വർഷങ്ങളിൽ നൽകിയ താഴെ കൊടുത്ത മുൻകൂറുകൾ നാളിതുവരെ തിരിച്ചുപിടിച്ചതായി കാണുന്നില്ല. വിശദ വിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആളുടെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 26/3.9.2011 | 6800.00 | ശ്രീമതി.ഷൈനി.പി, എൽ.ഡി.സി | ഓണം അഡ്വാൻസ് |
| 2 | 49/29.5.10 | 1000.00 | രഘുനാഥ്, സെക്രട്ടറി | യാത്രാബത്ത അഡ്വാൻസ് |
| 3 | 45/23.6.2010 | 1000.00 | രഘുനാഥ്, സെക്രട്ടറി | ടി |
| 4 | 15/6.7.2010 | 1000.00 | രഘുനാഥ്, സെക്രട്ടറി | ടി |
| 5 | 85/29.12.2010 | 1000.00 | രഘുനാഥ്, സെക്രട്ടറി | ടി |

| | | | | |
|---|---|---|---|---|
| | ആകെ | 10800 | | |

മുൻകൂറുകൾ നൽകി 5 വർഷം കഴിഞ്ഞിട്ടും തുകകൾ തിരിച്ചുപിടിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ തുകകൾ തിരികെ ഈടാക്കാത്തപക്ഷം 10800രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-20 ജില്ലാപ്ലാനിംഗ് ഓഫീസിന് തുക നൽകൽ - വിനിയോഗ വിവരം ഇല്ല

നിർവഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് - 288/16, ജില്ലാപ്ലാനിംഗ് ഓഫീസിന് തുക നൽകൽ

അടങ്കൽ - 1,00,000/- വികസനഫണ്ട് (ജനറൽ)

ചെലവ് - 1,00,000/- ബിൽ നം. 520/02801179/30.3.2016

മേൽ പ്രൊജക്ട് പ്രകാരം 1,00,000രൂപ ജില്ലാകലക്ടർക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശിതി, വിനിയോഗ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് കാലയളവിനുള്ളിൽ ഡെപ്പോസിറ്റ് വർക്ക് ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2015-16 | ഇ.എം എസ്.ഭവന വായ്പ | സ.ഉ.നം.207/09 തീ.7.11.2009 | 3321075 | | 589567 | - | 2731508 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 890881 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 122092 |
| ആകെ | 1012973 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1012973 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാരശ്ശേരി സർവീസ് സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപം നം.94568/27.3.2007 | 567674 |
| കാരശ്ശേരി സർവീസ് സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപം നം.94569/27.3.2007 | 444799 |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ഷെയർ | 500 |
| ആകെ | 1012973 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷം ലഭിച്ച 2970രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2000-01 | 29 | 2970 | രേണുക,മുൻസെക്രട്ടറി | 11501103930/8.3.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | | 2000-01 | 11(2) | മണൽ ലേലത്തുക ഇളവുചെയ്യൽ ചട്ടവിരുദ്ധം |

| | | | | |
|---|---|---|---|---|
| 2000-01 | 37 | 2003-04 | 5(8) | മൈത്രി ഭവന പദ്ധതി ഉത്തരവാദിത്തം നിറവേറ്റിയില്ല. |
| 2000-01 | 25,29(എ) | 2003-04 | 7(12) | നികുതിപിരിവിൽ അലംഭാവം വൻതുക കാലഹരണപ്പെട്ടു. |
| 2001-02 | | 2005-06 | 70(7),(3) | മണൽ വിൽപന ആർ.എം.എഫിന് ഔദ്യോഗിക രശീതിയില്ല. |
| 2001-02 | 3-11<br>3-12<br>3-13 | 2005-06 | 70(8),(9) | പെൻഷൻ,വേതനം അപാകതകൾ |
| 2002-03 | 3(5) | 2006-07 | 3-79.5 | വാട്ടർ ചാർജ് ഇനത്തിൽ വസ്തുകൈമാറ്റത്തീരുവയിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| 2002-03 | 3(9) | 2006-07 | 3-79.6 | മണൽ വിൽപന ആർ.എം.എഫിന് കാഷ് രശീതി നൽകുന്നില്ല. |
| 2002-03 | 3(8) | 2006-07 | 3-79.17 | മുൻകൂർ കൈപ്പറ്റി നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 2002-03 | 3(9)<br>3(10) | 2006-07 | 3-79.18 | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയിട്ടില്ല. |
| 2002-03 | 3-3(എ) | 2006-07 | 3-79.19(10) | മരാമത്ത് പ്രവൃത്തികൾ അധികനിരക്ക് നൽകി. |
| 2002-03 | 3-3(ബി) | 2006-07 | 3-79.19(10) | -ടി- |
| 2002-03 | 3-3(4) | 2006-07 | 3-79.19(10) | കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല. |
| 2002-03 | 3-3(4) | 2006-07 | 3-79.19(10) | ആവശ്യത്തിലധികം മെറ്റൽ സ്റ്റോക്ക് ചെയ്ത് വില നൽകി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45486656 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38894026 |
| വരവിനങ്ങളിലുള്ള നഷ്ടം | 57280 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 310840 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 696848 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 57280 | | ശ്രീ.പി.പി.രാജൻ, സെക്രട്ടറി |
| 3-2 | | 204792 | ശ്രീമതി.എൽസമ്മ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 10556 | ശ്രീമതി.എൽസമ്മ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ സീന അലക്സ്, അസി. എക്സി. എഞ്ചിനീയർ |
| 3-4 | | 94340 | ശ്രീമതി.എൽസമ്മ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ സീന അലക്സ്, അസി. എക്സി. എഞ്ചിനീയർ |
| 3-6 | | 1152 | ശ്രീ.അബ്ദുൾ അസീസ്, ഹെഡ് മാസ്റ്റർ |
| ആകെ | 57280 | 310840 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 196848 | ശ്രീ.അബ്ദുൾ അസീസ്, ഹെഡ് മാസ്റ്റർ |
| 3-18 | 400000 | ശ്രീ. ഒ.സി.മുഹമ്മദ്, ഹെഡ് മാസ്റ്റർ |
| 3-20 | 100000 | ശ്രീ.പി.പി.രാജൻ, സെക്രട്ടറി |
| ആകെ | 696848 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.പി.രാജൻ, സെക്രട്ടറി | സെക്രട്ടറി, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | ശാന്ത ഭവൻ<br>എരവന്നൂർ,നരിക്കുനി-673585 |
| ശ്രീമതി.എൽസമ്മ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | പുതിയാമ്പുറത്ത്, താമരശ്ശേരി, കോഴിക്കോട് |
| ശ്രീ.അബ്ദുൾ അസീസ്, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് തോട്ടുമുക്കം | മാവായിൽ ഹൗസ്, നെല്ലിക്കാപറമ്പ് പി.ഒ, കോഴിക്കോട് |
| സീന അലക്സ്, അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്. | ശ്രാവണം, ഒഴിയടി, കുന്ദമംഗലം, കോഴിക്കോട് 673571 |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,91-92 | എൽ.എഫ്.കെ.കെ.ഡി.പി3/1962/ 12(3)/7.2.13 | 3 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/1962/ 12(5)/7.2.13 | 3 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/1962/ 12(6)/7.2.13 | 2 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/17.4.10 | 14 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.എസ്2/890/05/20.9.05 | 7 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/17.4.10 | 9 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/22.5.10 | 18 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/22.5.10 | 15 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/22.5.10 | 17 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി3/2409/ 09/7.5.09 | 16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/1508/ 09/2.1.10 | 23 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/724/ 10/12.6.12 | 31 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/475/ 14/19.5.14 | 43 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി3/13.11.13 | 12 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/1149/ 13/11.13.13 | 17 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി.പി3/132/ 15/9.3.15 | 27 |
| 2013-14,2014-15 | എൽ.എഫ്.കെ.കെ.ഡി.പി3/781/ 16/20.5.16 | 25 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി3/2155 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.19.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015 –16 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P3/2155 /2016

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:19.12.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kodiyathur Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodiyathur Gramapanchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.